ഓ ... നിങ്ങൾക്ക് എന്നെ പരിചയം കാണുമായിരിക്കും. പുരാതന കാലത്ത് യവന രാജ്യത്തു നിന്നാണ് ഞങ്ങളുടെ പ്രയാണം ആദ്യം തുടങ്ങിയത്. അലക്സാണ്ടർ ചക്രവർത്തി തൊട്ട് നൂററാണ്ടുകൾക്കു മുമ്പ് ... ...

അന്നൊക്കെ സമ്പന്നമായിരുന്ന ഭാരതം ആയിരുന്നു ഞങ്ങളുടെ ലക്ഷ്യം. ആ കഥ വേറെ. ഇന്നോ ... ലോകമെമ്പാടും ഭാരതീയർ പ്രവാസികൾ ... എങ്കിലും ക്ഷമാശീലരായ ഞങ്ങൾ എല്ലാ സ്വപ്ന ഭൂമികളിലും കയ്പു നിറഞ്ഞ അനുഭവങ്ങളിലൂടെ സുഖ സ്വപ്നം കണ്ടു ജീവിക്കുന്നു.

പണ്ടത്തെ പോലെ ഉള്ള കഷ്ടപ്പാടുകൾ ഇല്ല കേട്ടോ ഞങ്ങൾക്ക്. അന്നൊക്കെ പുറപ്പാടു മാത്രമേ ഉണ്ടായിരുന്നുള്ളു - തിരിച്ചു വരവു തീർത്തും ദുർഘടം - കാര്യം??? ഉരുവിലും മററും മനസ്സു നിറയെ സ്വപ്നവും കൈ നിറയെ നഷ്ടസ്വപ്നങ്ങളും ആയി ഉള്ള ആ യാത്രയിൽ പുറപ്പെടുന്നവരിൽ പകുതി പേർ പോലും ലക്ഷ്യത്തെത്താറില്ലായിരുന്നു. ഇന്നോ - പോക്കും വരവും ഞൊടിയിട കൊണ്ടു സാദ്ധ്യം. വായു മാർഗമോ കടൽ മാർഗമോ ഇപ്പോൾ എല്ലാം ക്ഷിപ്രസാദ്ധ്യം. സൌഭാഗ്യങ്ങൾ കൂടിയെങ്കിലും തിരിച്ചുവരവിൻെറ ദൈർഘ്യം കഴിവതും കുറയാറുണ്ടായിരുന്നു. ഓ പെട്ടെന്ന് ഓർത്തു പോകുകയാണ് - ഞാൻ പറഞ്ഞതൊക്കെ സത്യമാണെങ്കിലും വന്നിട്ടു വർഷങ്ങൾ 30 കഴിഞ്ഞിരിക്കുന്നു. നേട്ടങ്ങളുടെ ഒരു പരമ്പര തന്നെ പറയാം. അന്നു നമ്മെ തള്ളി പറഞ്ഞിരുന്ന മിക്കവാറും ആളുകളുടെ വസ്തുവും പറമ്പും ഇന്ന് എൻെറ കൈവശം ... !!!!
കാണാക്കുയിലായ ഞാൻ ഇന്ന് നാട്ടിൽ ഒരാരാദ്ധ്യൻ - പ്രവാസികളുടെ ഇടയിലും ബഹുമാന്യൻ, പരോപകാരി എന്നു വേണ്ട പല നിർവചനങ്ങളും.

സ്വപ്നങ്ങൾ ഒന്നും ബാക്കി ഇല്ല എന്നു പറയാൻ പററില്ല കേട്ടോ. അടുത്ത കാലത്തു മക്കളുടെ ആഗ്രഹപ്രകാരം വച്ച വിദേശത്തു നിന്നും ഇറക്കുമതി ചെയ്ത വെണ്ണക്കല്ലു കൊണ്ടു തീർത്ത

കുടിൽ !!!!! അസൂയക്കാർ കൊട്ടാരം എന്നൊക്കെ പറയും കേട്ടോ – അതിൽ ഇതു വരെ ഒന്ന് അന്തിയുറങ്ങാൻ സാധിച്ചിട്ടില്ല.

പലപ്പോഴും തോന്നാറുണ്ട് അവിടെ പോയി കുറെ നാൾ നീണ്ടു നിവർന്ന് കഴിഞ്ഞുകൂടണം എന്ന് – ആ – വരട്ടെ – സമയം ഇനിയും ഇഷ്ടം പോലെ കിടക്കുകയല്ലേ – അടുത്ത കാലത്തായി പഴയ തറവാട്ടുകാരിൽ നിന്നും വാങ്ങിയ ജംഗ്ഷനിലെ സ്ഥലത്ത് ഒരു 10 നില കെട്ടിടം കൂടി നിർമാണം കഴിഞ്ഞാൽ പിന്നെ തീരുമാന പ്രകാരം മാറാം അങ്ങോട്ടേക്ക് !!!!!!

എന്താണ് കണ്ണിൽ ഇരുട്ടു കയറുന്നത് – ഒരെത്തും പിടിയും കിട്ടുന്നില്ല – പെട്ടന്നു തന്നെ സെക്രട്ടറി ഓടി എത്തി. അടുത്ത കാലത്തു വാങ്ങിയ മുന്തിയ തരം കാറിൽ ആശുപത്രിയിലെത്തിച്ചു. നിർവചിക്കാൻ പറ്റാത്ത അവസ്ഥ – ഡോക്ടർമാരും നഴ്സുമാരും മീഡിയക്കാരും – എല്ലാവരും ഓടി എത്തുന്നു – ശബ്ദാനുമയമായ അന്തരീക്ഷത്തിൽ – പലരുടേയും ശബ്ദങ്ങൾ തിരിച്ചറിയാൻ സാധിക്കുന്നില്ല – എങ്കിലും ഒന്നു രണ്ടു കാര്യങ്ങൾ വ്യക്തമായി – ബോഡി എംബാം ചെയ്യണമെന്നും, ഏററവും മുന്തിയ തരം പെട്ടിയിൽ ആക്കണം എന്നതും കേൾക്കാൻ സാധിച്ചു !!!!!

അസോസിയേഷൻ ഓഡിറേറാറിയത്തിൽ പൊതു ദർശനം വേണമെന്ന് പറയുന്നു – ഹും ... വർഷം 30 കഴിഞ്ഞതല്ലേ – വരിവരിയായി വരുന്നവരിൽ ബഹുഭൂരിപക്ഷത്തിൻേറയും മുഖം ഓർമയുണ്ട്. അതിനിടയിൽ ആരോ ചോദിക്കുന്നതു കേട്ടു ബിസിനസ്സ് ടൂറിൽ പോയിരിക്കുന്ന മൂത്ത മകൻ യു. എസിൽ നിന്നു വരുവോളം കാത്തിരിക്കണമോ? അതോ ഭാര്യയും മററു മക്കളും ഇവിടെ എത്തി പ്ളെയിൻ ചാർട്ടർ ചെയ്തു മടങ്ങണമോ?

ഒരു കാര്യത്തിൽ സന്തോഷമായി – ജീവനോടെയല്ലെങ്കിലും സ്വപ്നസാക്ഷാത്കാരമായി – ഞാൻ പണിത എൻെറ കൊട്ടാരത്തിൽ പൊതു ദർശനത്തിനു വയ്ക്കുമെന്നു വിചാരിച്ചു – അതിനിടയിൽ

ആരോ പറയുന്നതു കേട്ടു ഭാര്യയും മക്കളും ഇങ്ങോട്ടു വരുന്നതിനേക്കാൾ ബോഡി അവർ എയർപോർട്ടിൽ റിസീവ് ചെയ്താൽ പോരെ എന്ന് !!!!

-------------- തീർത്തും യാഥാർഥ്യം ---------------

രാത്രി ഏറെ ആയി - ട്രോളിയുടെ ശബ്ദം - സ്കാനിങ്ങ് - ടെസ്ററിങ്ങ് - എക്സ്റേ - എല്ലാം കഴിഞ്ഞു. കാർഗോയുടെ ഒപ്പമായിരുന്നു ഇടമെന്ന് മനസ്സിലായി. എങ്കിലും ഉള്ളുകൊണ്ട് സന്തോഷിച്ചു !!!!! സ്വതവേ കാശു ചിലവാക്കാൻ എടുക്കുമ്പോൾ, പണ്ടനുഭവിച്ചിട്ടുള്ള ദാരിദ്ര്യങ്ങളും ദുഖ:ങ്ങളും ഓർമ വരുമ്പോൾ തിരിച്ചു ഭദ്രമായി മടിയിലേക്ക് വച്ച് ദിനാറിൻെറ എണ്ണവും ബാങ്ക് ബാലൻസിൻെറ വണ്ണവും കൂടുന്നതല്ലാതെ കുറയാൻ അനുവദിച്ചിരുന്നില്ല. സംഗതി ശവം ആണെങ്കിലും !!!! പൊതു ദർശനമെന്നും പെ്ളയിൻ ചാർട്ടറിങ്ങ് എന്നും മറ്റും കേട്ട് ഉള്ളൊന്ന് നടുങ്ങിയെങ്കിലും ഇപ്പോൾ സമാധാനമായി. ഇതിലും ഏറെ കഷ്ടപ്പെട്ടാണല്ലോ തീരെ ഇടമില്ലാതെ ഉരുവിൽ അന്ന് ഇവിടെ ഇറങ്ങിയത്.

----- നാട്ടിൽ എത്തിയതായി മനസ്സിലായി -------

അവിടെ കൺവെയറിൽ കൂടി മററു കാർഗോയുടെ ഇടയിൽ അനക്കം ഇല്ലാതെ അടുക്കി വച്ചിരുന്ന പെട്ടി ആളുകൾ ചേർന്ന് പിടിക്കുന്നതും വലിക്കുന്നതും നിരക്കുന്നതും കേൾക്കുമ്പോൾ നാട്ടിൽ എത്തിയതിൻെറ വേറെ അടയാളം വേണ്ടല്ലോ???

എങ്കിലും ഈ ഊഷരഭൂമിയിൽ എത്തിയതിൻെറ ഒരു സന്തോഷം. 100 കണക്കിന് വാഹനങ്ങളുടെ അകമ്പടി. മന്ത്രിമാർ, പൗരമുഖ്യർ - ബഹുഭൂരിപക്ഷത്തിനേയും എനിക്കറിയില്ല കേട്ടോ - എങ്കിലും എൻെറ പേരു ചൊല്ലി വിളിക്കുന്നതു കേട്ടാൽ അവരൊക്കെ എൻെറ സഹപാഠികളോ അടുത്ത സുഹൃുത്തുക്കളോ ആയിരുന്നോ എന്നു തോന്നും.

വി. വി. ഐ. പി പരിഗണന ഉള്ളതു കാരണം പെട്ടന്ന് എല്ലാ കടമ്പകളും കടന്ന് മുന്തിയ തരം ആംബുലൻസിൽ അകമ്പടിയോടെയുള്ള യാത്ര. റോഡിൽ എങ്ങും എൻെറ മുഖചിത്രമുള്ള പോസ്റ്ററുകൾ - കറുത്ത കൊടികൾ. പക്ഷേ ഇവർക്കാർക്കും എൻെറ കൊട്ടാരത്തിലേക്കുള്ള വഴി അറിയില്ല എന്നു തോന്നുന്നു. അതോ നഗരപ്രദക്ഷിണമാണോ അവരുടെ ലക്ഷ്യം? തൊട്ടു മുമ്പേയുള്ള മുന്തിയ തരം കാറിൽ ഭാര്യയും മക്കളുമാണെന്ന് ആംബുലൻസ് ഡ്രൈവർ പറയുന്നതു കേട്ടു. അവർക്കും വഴി തെറ്റുമോ?

ഇതു ശ്മശാനത്തിലേക്കുള്ള വഴിയാണല്ലോ?? ഇത്ര പെട്ടന്നു തന്നെ ആരാദ്ധ്യൻ അവഗണിക്കപ്പെട്ടവൻ ആയോ? അന്ത്യ കർമങ്ങൾക്കിടയിൽ ഭാര്യയുടെ കുംബസാരവും മകൻെറ നിർവികാരതയും കണ്ടപ്പോൾ കാര്യങ്ങൾ ഏകദേശം ഓടി തീർന്നു.

നമ്മുടെ മരുമകൾ, കണ്ട നാളു തൊട്ടേ മകൾ എന്നു വിളിക്കുന്ന അവൾ പറഞ്ഞുവത്രേ - ആയിരക്കണക്കിനു ജനാവലി വീട്ടിലേക്ക് ഇതൊരവസരം ആയി കരുതി കയറി വന്നാൽ നിയന്ത്രിക്കാൻ പറ്റാതെ വരുകയും നമ്മുടെ ഇറ്റാലിയൻ മാർബിളിൽ എല്ലാം പോറൽ വീഴുകയും അവൾ ഹോളണ്ടിൽ നിന്നും കൊണ്ടു വന്നിട്ടുള്ള ആന്തൂറിയവും മറ്റും അലങ്കോലപ്പെടുകയും സ്പാനിഷ് ഡോഗ് സെൻറ് ബെർനാഡിനും മറ്റും പ്രശ്നങ്ങൾ ആയി തീരും എന്നുള്ള യാഥാർദ്ധ്യങ്ങൾ മരുമകൾ കാര്യ കാരണ സഹിതം അവളുടെ യു. എസ്സിലെ പഠിപ്പും ഗൗരവവും വെച്ചു മകനെ പറഞ്ഞു കൺവിൻസ് ചെയ്തപ്പോൾ അമ്മായിയമ്മ ആയ അമ്മക്ക് ഒന്നും പറയാൻ പറ്റിയില്ല. എൻെറ കിളിക്കൂട് എന്നും കാറ്റത്തെ കിളിക്കൂട് ... ...

................... ഞാൻ ഒരു പാവം പ്രവാസി .............